# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5307** 02.07.2013 -ൽ മറുപടിക്ക്

**ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സ്വന്തമായി വീടില്ലാത്ത പാവപ്പെട്ട വർക്കും, താഴ്ന്നവരുമാനക്കാർക്കും വീടു നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ വകുപ്പ് നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെ എന്ന് വിശദമാക്കാമോ; | (എ) | സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്ക് സർക്കാർ സബ്സിഡിയോടു കൂടി ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതിയും നഗരങ്ങളിൽ ജോലി ചെയ്തുകൊണ്ട് നഗരാതിർത്തിയ്ക്കു പുറത്തു താമസിക്കുവാൻ നിർബന്ധിതരാകുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പാവപ്പെട്ട തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് മിതമായ വാടകയ്ക്ക് നൽകുന്ന പദ്ധതിയായ ഇന്നൊവേറ്റീവ് ഭവന പദ്ധതിയുമാണ് നിലവിൽ നടപ്പാക്കി വരുന്നത്. |
| (ബി) ഇവർക്ക് വീട് നൽകുന്നതിനുള്ള മാനദണ്ഡം എന്തൊക്കെ എന്നു വ്യക്തമാക്കാമോ; | (ബി) | (i) സാഫല്യം ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയും പ്രകാരമാണ്.<br><br>**ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം**<br>പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റേയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-ഭവനരഹിതരായ വ്യക്തികളെ (ബി.പി.എൽ) ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം Benificiery Selection Committee-യ്ക്കായിരിക്കും. |

(ii) ഇന്നൊവേറ്റീവ് ഭവന പദ്ധതി പ്രകാരം വീട് മിതമായ വാടകയ്ക്ക് നൽകുന്നതിനുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ഗുണഭോക്താവ് ഇന്ത്യൻ പൗരനും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഫ്ലാറ്റുകൾ സ്ഥിതിചെയ്യുന്ന Corporation/Municipality/Panchayat-ൽ ജോലി ചെയ്യുന്നതും എന്നാൽ അവിടെ സ്ഥിരതാമസക്കാരൻ ആകുവാൻ പാടില്ലാത്തതുമായ തൊഴിലാളിയായിരിക്കണം.

(സി) ഈ മാനദണ്ഡം എന്നു മുതൽ ഏർപ്പെടുത്തിയതാണ്; ഇതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾക്കാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

(സി) G.O(Rt)No.87/2012/Hsg ഉത്തരവ് പ്രകാരം 18.12.12-ൽ ഇന്നൊവേറ്റീവ് ഭവന പദ്ധതിയുടെ മാനദണ്ഡങ്ങളും, G.O(MS)No.20/2012/Hsg ഉത്തരവ് പ്രകാരം 09.03.12-ൽ സാഫല്യം ഭവന പദ്ധതിയുടെ മാനദണ്ഡങ്ങളും നിലവിൽ വന്നു. പ്രസ്തുത സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ